**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1808** | **29-07-2021 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി തൊഴിലാളികൾക്ക് ക്ഷേമനിധി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കശുവണ്ടി തൊഴിലാളികൾക്ക് സാമൂഹ്യ പെൻഷൻ ലഭിക്കുന്നതിന്റെ പേരിൽ ക്ഷേമനിധി പെൻഷൻ നിഷേധിക്കുന്നുണ്ടോ; | (എ) | അർഹരായ എല്ലാവർക്കും ഒരു ക്ഷേമ പെൻഷനെങ്കിലും ഉറപ്പുവരുത്തുക എന്നതാണ് സർക്കാർ നയം. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡുൾപ്പെടെയുള്ള 16 ക്ഷേമ നിധി ബോർഡുകൾ നിലവിൽ സർക്കാർ നൽകുന്ന ഫണ്ട് ഉപയോഗിച്ചാണ് പെൻഷൻ വിതരണം നടത്തുന്നത്. നിലവിലെ ഉത്തരവുകൾ പ്രകാരം, 06.02.2017-ന മുൻപ് ക്ഷേമനിധി ബോർഡു പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷനും ലഭിച്ചുകൊണ്ടിരുന്നവർക്ക് ക്ഷേമനിധി ബോർഡു പെൻഷൻ സാധാരണ നിരക്കിലും ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിലും നൽകുന്നുണ്ട്. എന്നാൽ പ്രസ്തുത തീയതിക്ക് ശേഷം ഏതെങ്കിലും ഒരു പെൻഷൻ ലഭിക്കുന്നതിനു മാത്രമേ അർഹതയുള്ളൂ. ഗുണഭോക്താവിന്റെ താത്പര്യ പ്രകാരം ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ ഏതു വേണമെങ്കിലും തെരഞ്ഞെടുക്കാവുന്നതാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർക്ക് അത് ഉപേക്ഷിച്ചു കൊണ്ട് ക്ഷേമനിധി ബോർഡ് പെൻഷൻ തെരഞ്ഞെടുക്കാവുന്നതാണ്. |
| (ബി) | ക്ഷേമനിധി പെൻഷൻ നിഷേധിക്കുന്നുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ? | (ബി) | അർഹരായ എല്ലാവർക്കും ഒരു ക്ഷേമ പെൻഷനെങ്കിലും ഉറപ്പുവരുത്തുക എന്നതാണ് സർക്കാർ നയം. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡുൾപ്പെടെയുള്ള 16 ക്ഷേമ നിധി ബോർഡുകൾ നിലവിൽ സർക്കാർ നൽകുന്ന ഫണ്ട് ഉപയോഗിച്ചാണ് പെൻഷൻ വിതരണം നടത്തുന്നത്. നിലവിലെ ഉത്തരവുകൾ പ്രകാരം, 06.02.2017-ന മുൻപ് ക്ഷേമനിധി ബോർഡു പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷനും ലഭിച്ചുകൊണ്ടിരുന്നവർക്ക് ക്ഷേമനിധി ബോർഡു പെൻഷൻ സാധാരണ നിരക്കിലും ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിലും |

| | | | |
|---|---|---|---|
| | | | നൽകുന്നുണ്ട്. എന്നാൽ പ്രസ്തുത തീയതിക്ക് ശേഷം ഏതെങ്കിലും ഒരു പെൻഷൻ ലഭിക്കുന്നതിനു മാത്രമേ അർഹതയുള്ളൂ. ഗുണഭോക്താവിന്റെ താത്പര്യ പ്രകാരം ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ ഏതു വേണമെങ്കിലും തെരഞ്ഞടുക്കാവുന്നതാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർക്ക് അത് ഉപേക്ഷിച്ചു കൊണ്ട് ക്ഷേമനിധി ബോർഡ് പെൻഷൻ തെരഞ്ഞെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ